(ബി) നെൽ കർഷകർക്ക് നൽകാനായി സപ്ലൈകോയ്ക്ക് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) നെല്ലിന്റെ സംഭരണവില 21.50 രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

(ഡി) സ്വകാര്യ നെല്ല് സംരംഭകരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര നിയമ നിർമ്മാണം നടത്തേണ്ടത് കൃഷി വകുപ്പാണ്. കൃഷി വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണം

195(3078) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താവിന് നിർബന്ധമായും ബില്ല് കൊടുക്കണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി വരുന്നുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 11 കടകളിൽ ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താവിനെ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പൈലറ്റ് പദ്ധതിയുടെ ഭാഗമായി ആധാർ ഇല്ലാത്തതോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയോ ചെയ്താൽ OTP (One Time Password) മുഖേനയും റേഷൻ വിതരണം നടത്തി വരുന്നു. 22 റേഷൻ കടകൾ പൈലറ്റിന്റെ ഭാഗമായി നവീകരിച്ചിട്ടുണ്ട്. MSDG (മൊബൈൽ സർവ്വീസ് ഡെലിവറി ഗേറ്റ് വേ) മുഖാന്തിരം ഗുണഭോക്തൃവിഹിതം സംബന്ധിച്ചും കൈപ്പറ്റിയ വിഹിതം സംബന്ധിച്ചും SMS ലഭ്യമാക്കുന്നുണ്ട് പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപെക്സ് കമ്മിറ്റി, സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team), സിവിൽ സ്പ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവയും ഇതുകൂടാതെ ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റും (PIU) രൂപീകരിച്ചിട്ടുണ്ട്. ഡാറ്റാബേസ് കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് ഒരു Postgre SQL ഡാറ്റാബേസ് വിദഗ്ധനെയും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സാങ്കേതിക സഹായം പ്രോജക്ടിനു ലഭ്യമാണ്. സിസ്റ്റം ഇന്റഗ്രേറ്റഡായി കെൽട്രോണിനെ തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്വർക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് കൃത്യമായും വ്യക്തമായും ബില്ലെഴുതി നൽകണമെന്ന് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിക്കപ്പെടാതിരിക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിൽ നൽകാത്തതായി ശ്രദ്ധയിൽപ്പെടുന്ന വ്യാപാരികൾക്കെതിരെ കേരള റേഷനിംഗ് ഓർഡറിന്റെ അടിസ്ഥാനത്തിൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

ഭക്ഷ്യ സുരക്ഷാ നിയമം

196(3079) ശ്രീ. എളമരം കരീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ രൂക്ഷ വിമർശനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്നു വരെയാണ് സംസ്ഥാനത്തിന് സമയം പുതുക്കി അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത സമയ പരിധിക്കുള്ളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ എല്ലാ വിഭാഗം ജനങ്ങൾക്കും സബ്സിഡി നിരക്കിൽ റേഷൻ കിട്ടാത്ത അവസ്ഥ ഉണ്ടാകും എന്നത് അറിവുള്ളതാണോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളും റേഷൻ പരിധിക്ക് പുറത്താകും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly